**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നമ്പർ : 18**

**28.05.2019 ൽ**
**മറുപടിക്ക്**

## പോലീസ് സേനയുടെ കാര്യക്ഷമത

ചോദ്യം

ശ്രീ. വി.കെ.സി. മമ്മത് കോയ
ശ്രീ. പി.കെ ശശി
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. സി.കെ ഹരീന്ദ്രൻ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്നതി - നായി പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് താഴെപ്പറയുന്ന പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമസമാധാനപാലനവും കുറ്റാന്വേഷണവും കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ 471 പോലീസ് സ്റ്റേഷനുകളിലും സർക്കിൾ ഇൻസ്പെകർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചു.

പുതുതായി 12 പോലീസ് സ്റ്റേഷനുകളും 4 തീരദേശ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചു. 6 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദ-മാക്കി മാറ്റി. പയ്യന്നൂരും താനൂരും പുതിയ കൺട്രോൾ റൂമുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി. ട്രാഫിക് പോലീസ് സ്റ്റേഷനുകളേയും ട്രാഫിക് യൂണിറ്റുകളെയും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി കാര്യക്ഷമമായ ട്രാഫിക് നിയന്ത്രണം ഉറപ്പാക്കി.

| | | | |
|---|---|---|---|
| | | | പിങ്ക് പോലീസ് പട്രോൾ, പിങ്ക് പോലീസ് കൺട്രോൾ റൂം എന്നിവ ആരംഭിച്ചു.<br><br>ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്കിംഗ് സിസ്റ്റം (സി.സി.റ്റി.എൻ.എസ്) പദ്ധതി ശക്തിപ്പെടുത്തി.<br><br>ക്രൈം ബ്രാഞ്ച് സംവിധാനം പുനഃസംഘടിപ്പിച്ചു. ക്രൈം ബ്രാഞ്ചിനു കീഴിൽ വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് ആരംഭിക്കുന്നതിനായി അനുമതി നൽകി.<br><br>തീരദേശവാസികളായ 177 പേർക്ക് കോസ്റ്റൽ വാർഡൻമാരായി നിയമനം നൽകി. പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് സേനയിൽ നിയമിച്ചു.<br><br>പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കിയതിലൂടെ കുറ്റാന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി മാറുവാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. |
| ബി) | ക്രമസമാധാനപാലന രംഗത്ത് രാജ്യത്തിന് മാതൃകയാകും വിധം സംസ്ഥാന പോലീസ് സേനയെ ആധുനികവത്ക്കരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | പോലീസ് സേനയുടെ ആധുനികവത്ക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) | 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 53 കോടി രൂപയും അനുവദിച്ച സ്ഥാനത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പോലീസ് സേനയുടെ ആധുനികവത്കരണത്തിനായി 136 കോടി രൂപയാണ് അനുവദിച്ച് നൽകിയത്. 2019-20 സാമ്പത്തിക വർഷം 175 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

ഡി) പോലീസിന്റെ സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പുതുതായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഡി) ജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിലോ മറ്റ് പോലീസ് ഓഫീസുകളിലോ എത്താതെ തന്നെ ഓൺലൈനായി പോലീസിന്റെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും എഫ്.ഐ.ആർ ന്റെ പകർപ്പുകൾ ലഭ്യമാക്കുന്നതിനും പരാതികൾ നൽകുന്നതിനുമായി 'THUNA' തുടങ്ങിയ Mobile/Web ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

എല്ലാ പോലീസ് സ്റ്റേഷനുകളിലും പി.ആർ.ഒ മാരെ നിയമിച്ചിട്ടുണ്ട്.

നാഷണൽ ട്രാക്കിംഗ് സിസ്റ്റം പോർട്ടൽ ഉപയോഗിച്ച് കാണാതാകുന്ന ആളുകളുടെ വിവരങ്ങൾ കൈമാറി എത്രയും വേഗം ആളുകളെ കണ്ടെത്താൻ സാധിക്കുന്നു.

സി.സി.റ്റി.എൻ.എസ് (CCTNS) സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് കേസുകൾ സംബന്ധിച്ച വിവരം ഓൺലൈൻ വഴി ലഭ്യമാണ്. പാസ്പോർട്ട് സംബന്ധമായ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കാൻ "e-VIP" വെബ് പോർട്ടൽ ഏർപ്പെടുത്തി.

സെക്ഷൻ ഓഫീസർ

## അനുബന്ധം

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി 2018-19 സാമ്പത്തിക വർഷത്തില് 136 കോടി രൂപയാണ് അനുവദിച്ചത്. 2019-20ൽ 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിലേതിനേക്കാള് ഏകദേശം മൂന്നിരട്ടി അധികമാണിത്.

തൃശ്ശൂർ റീജിയണല് ഫോറൻസിക് സയൻസ് ലബോറട്ടറിയെ ഹൈടെക് ലബോറട്ടറിയായി ഉയർത്തി.

ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങള്, ജ്വലറികള്, ഫാക്ടറികള് എന്നിവയുടെ സി.സി ടി.വി സംവിധാനം പോലീസുമായി ബന്ധപ്പെടുത്തി നിർവ്വഹിക്കുന്നതിന് സെൻട്രല് ഇൻട്രൂഷന് മോണിറ്ററിംഗ് സിസ്റ്റം (CIMS) നടപ്പിലാക്കുന്നതിന് അനുമതി നൽകി. CC TV Cameras with Remote Monitoring പദ്ധതി 200 പോലീസ് സ്റ്റേഷനുകളില് നടപ്പാക്കുന്നതിന് 14 ജില്ലകൾക്ക് ഫണ്ട് അനുവദിച്ചു.

ട്രാഫിക് നിയമലംഘകരിൽ നിന്ന് പിഴ ഈടാക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമായി നടപ്പാക്കുന്ന ഇൻറഗ്രേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെൻറ് സിസ്റ്റം എന്ന പദ്ധതിയുടെ ടെണ്ടര് നടപടികള് പുരോഗമിച്ചുവരുന്നു. ട്രാഫിക് പോലീസിൻറെ യൂണിഫോമില് ഘടിപ്പിക്കാവുന്ന ക്യാമറ വഴി നിയമലംഘകരെ കണ്ടെത്താനും നടപടി സ്വീകരിച്ചു.

സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ സൈബര് കുറ്റകൃത്യങ്ങള് അന്വേഷിക്കുന്നതിന് പരിശീലനം നൽകുന്നതിനായി പോലീസ് അക്കാദമിയില് സൈബർ ഫോറന്സിക് ലാബ് ഉൾപ്പെട്ട കേന്ദ്രം ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി എല്ലാ ജില്ലകളിലും 1515 എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്ന കൺട്രോള് റൂമുകള് ആരംഭിച്ചു. അഞ്ച് നഗരങ്ങളിൽ 112 എന്ന നമ്പരിൽ ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പോലീസിന്റെ അടിയന്തര സഹായം തേടുന്നതിനുള്ള എമർജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു.

ഓരോ പോലീസ് സ്റ്റേഷനുകൾക്കും സ്വന്തം വെബ്സൈറ്റ് തുടങ്ങാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പോലീസിൽ പരാതികള് സ്വീകരിക്കാന് സംവിധാനമൊരുക്കി. പോലീസിന്റെ

സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് മൊബൈല് ആപ്പുകളും വെബ് പോർട്ടലുകളും സജ്ജമാക്കി.

ഇതിനു പുറമേ വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ 'രക്ഷ' എന്ന ആപ്ലിക്കേഷനും, 'Know Your Police App' , 'Online traffic offence reporting and the remittance', 'Women Safety and Emergency Response', 'Dial 100', 'Police Clearance Certificate App', 'Virtual Guide for Police Service' എന്നീ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

അന്വേഷണ ഉദ്യോഗസ്ഥർക്ക് വിരലടയാള വിവരങ്ങള് ഉടനടി ലഭ്യമാക്കാനുതകുന്ന നൂതന സംവിധാനമായ 'ഓട്ടോമേറ്റഡ് ഫിംഗർ ഐഡന്റിഫിക്കേഷൻ സിസ്റ്റം' ഏർപ്പെടുത്തി.

പ്രതികളെ ചോദ്യം ചെയ്യുന്നതിനായി ആധുനിക രീതിയിൽ ഇന്ററോഗേഷൻ റൂം സജ്ജമാക്കി.